# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3615** — **20/06/2019-ൽ മറുപടിയ്ക്ക്**

## നിപ വൈറസ് പ്രതിരോധനടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് വീണ്ടും നിപ രോഗം കണ്ടെത്തിയതിനെത്തുടർന്ന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | വവ്വാലുകളുടെ പ്രജനനകാലത്താണ് രോഗാണു വ്യാപനമുണ്ടാകുന്നത് എന്ന റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ പൊതുജനസുരക്ഷയ്ക്കായി ജാഗ്രതാ/ മുൻകരുതൽ നിർദ്ദേശങ്ങൾ നൽകിയിരുന്നു. നിപ വൈറസ് ബാധ സംബന്ധിച്ച് ബോധവത്കരണ പ്രവർത്തനം നടത്തി വരുന്നു.<br>ഗുരുതര ശ്വാസകോശ രോഗ-ലക്ഷണങ്ങളുള്ളവരും, പനി തലച്ചോറിനെ ബാധിക്കുന്ന ലക്ഷണങ്ങളുള്ള രോഗികളുമായി സമ്പർക്കം പുലർത്തുന്ന ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും ആവശ്യമായ വ്യക്തിഗത സുരക്ഷാ സാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ആശുപത്രികളിൽ നിന്ന് രോഗപ്പകർച്ച ഉണ്ടാകാൻ സാധ്യതയില്ലാത്ത വിധത്തിൽ വളരെ കർശനമായി സ്ഥിതിഗതികൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തു വരുന്നു. |
| ബി) | നിപ വൈറസിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | ആരോഗ്യ വകുപ്പ് വെബ് സൈറ്റ് വഴിയും സോഷ്യൽ മീഡിയ വഴിയും പൊതുജനങ്ങൾക്ക് താഴെപ്പറയുന്ന ബോധവത്കരണ സന്ദേശങ്ങൾ നൽകി വരുന്നു.<br>• പഴങ്ങൾ വൃത്തിയായി കഴുകിയതിനു ശേഷം മാത്രം ഉപയോഗിക്കുക.<br>• വവ്വാലുകൾ ഭക്ഷിച്ച പഴവർഗ്ഗങ്ങൾ (മാങ്ങ, പേരയ്ക്ക, ഞാവൽപഴം, റമ്പൂട്ടാൻ തുടങ്ങിയവ) ഉപയോഗിക്കാതിരിക്കുക.<br>• വവ്വാലുകൾ സ്പർശിക്കുകയോ, കുടിക്കുകയോ ചെയ്യാൻ സാധ്യതയുള്ള തെങ്ങിൻകള്ള്, പനങ്കള്ള് എന്നിവ യാതൊരു കാരണവശാലും ഉപയോഗിക്കാതിരിക്കുക. |

➡

- വവ്വാലുകളുടെ ആവാസ സ്ഥലങ്ങളിൽ അതിക്രമിച്ചു കടക്കാൻ ശ്രമിക്കാതിരിക്കുക.

കൂടാതെ 2019-ലെ 'നിപ' വൈറസ് ബാധയുമായി ബന്ധപ്പെട്ട് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 5 വീഡിയോകൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നിർമ്മിക്കുകയുണ്ടായി. 'നിപ' രോഗത്തിന്റെ ലക്ഷണങ്ങളും പ്രതിവിധികളും, രോഗം പകരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഉൾപ്പെടുന്ന 3 അനിമേഷൻ വീഡിയോകളും, എറണാകുളം നിപാ കൺട്രോൾ സെല്ലിൽ വിളിച്ചു ചോദിക്കുന്ന ആവർത്തന സ്വഭാവമുള്ള ചോദ്യങ്ങളും അവയുടെ മറുപടികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള മറ്റൊരു വീഡിയോയും, പരിസര ശുചീകരണവും, വ്യക്തിശുചിത്വവും പാലിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിക്കുന്ന വീഡിയോയും ബോധവത്കരണത്തിന്റെ ഭാഗമായി നിർമ്മിക്കുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് 12/06/2019 തീയതിയിൽ എറണാകുളം ജില്ലയിലെ മുഴുവൻ സ്കൂളുകളിലും അസംബ്ലിയിൽ പകർച്ചവ്യാധികളെക്കുറിച്ചും, നിപ വൈറസിനെപ്പറ്റിയും ആരോഗ്യ-വകുപ്പിന്റെ നേതൃത്വത്തിൽ ക്ലാസുകൾ നൽകുകയും, "വരയ്ക്കാം ആരോഗ്യത്തിനായി" എന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്കായി ചിത്രരചനാ മത്സരം സംഘടിപ്പിക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവർക്ക് നിപ പ്രതിരോധവുമായി ബന്ധപ്പെട്ട് ആരോഗ്യ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**